"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - ഉറവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. കെ.വി. മാലതിയ്ക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. എസ്. ജോസ്നമോളെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1331/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/06/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.04.2018-ലെ ഇ10(പി.ഇ.198/2016/ഇകെഎം)8762/2018 നമ്പർ കത്ത്

2 സർക്കാരിന്റെ 17.09.2018-ലെ ഇപിബി2/170/2018/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീമതി. കെ.വി. മാലതി സമർപ്പിച്ച 24.12.2018-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച പെർമ്മിറ്റ് പ്രകാരം നിർമ്മാണം നടത്തുന്ന കെട്ടിടത്തിന് ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനധികൃതമായി സ്റ്റോപ്പ് മെമ്മോ നൽകി കെട്ടിടം പണി തടസ്സപ്പെടുത്തുന്നതായുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉറവൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ കെട്ടിട നിർമ്മാണ സ്ഥലത്ത് ഇറിഗേഷൻ വക സ്ഥലം ഉൾപ്പെട്ടിട്ടില്ലെന്ന് താലൂക്ക് സർവ്വേയർ റിപ്പോർട്ട് നൽകിയിട്ടും സ്റ്റോപ്പ് മെമ്മോ പിൻവലിക്കാതെ സ്ഥലം വീണ്ടും അളക്കുന്നതിന് ജില്ലാ സർവ്വേയർ & റെക്കോഡ്സ് സൂപ്രണ്ടിന് അപ്പീൽ നൽകുകയും കൂടാതെ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറെക്കൊണ്ട് വീണ്ടും പരിശോധന നടത്തിച്ച് തെറ്റായ റിപ്പോർട്ട് വാങ്ങി മതിയായ സെറ്റ് ബാക്ക് ഇല്ലാതെയാണ് കെട്ടിടനിർമ്മാണം നടത്തുന്നതെന്ന് വരുത്തിത്തീർത്തും ടി കെട്ടിട നിർമ്മാണത്തിന് നൽകിയ സ്റ്റോപ്പ് മെമ്മോ സ്ഥിരപ്പെടുത്തിയ ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. കെ.വി. മാലതിയുടെ നടപടി ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെ അവഗണിച്ചു കൊണ്ടുള്ളതും അത് മൂലം കെട്ടിട ഉടമയ്ക്ക് തുടർ നിർമ്മാണത്തിന് തടസ്സം ഉണ്ടായിട്ടുള്ളതുമാണെന്നും കണ്ടെത്തുകയുണ്ടായി.

തുടർന്ന് മേൽ ക്രമക്കേടുകൾക്കുത്തരവാദിയായ ഉറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. കെ.വി. മാലതിയ്ക്കെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. കെ.വി. മാലതി പരാമർശം (3) പ്രകാരം ലഭ്യമാക്കിയ

പ്രതിവാദ പത്രികയിൽ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം നിഷേധിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. കെ.വി. മാലതിയ്ക്കെതിരെ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാരിയ്ക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പ്‌യി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ഉറവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി (നിലവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം) ശ്രീമതി. കെ.വി. മാലതിയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. എസ്. ജോസ്നമോളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. എസ്. ജോസ്നമോൾ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീമതി. കെ.വി. മാലതി, മുൻ സെക്രട്ടറി, ഉറവൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ഉറവൂർ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/170/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ